കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് വക KL-01-K-3393-ാം നമ്പർ ജീപ്പ് പാലക്കാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പി.എ) യ്ക്ക് കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ (സാധാ)നം:751/2012/തസ്വഭവ തിരുവനന്തപുരം, തീയതി:14/3/2012

---

പരാമർശം:- 1. പാലക്കാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ (പി.എ) 31/1/11-ലെ 2537/പിഎ/10 നമ്പർ കത്ത്.

2. ഗ്രാമവികസന കമ്മീഷണറുടെ 7/2/12-ലെ 3784/എസി &എഡി5/11/ സിആർഡി നമ്പർ കത്ത്.

### ഉത്തരവ്

ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിൽ പുതിയ ജീപ്പ് വാങ്ങിയപ്പോൾ നിലവിലുണ്ടായിരുന്ന പഴയ ഓഫീസ് ജീപ്പായ KL-01-K-3393-ാം നമ്പർ വാഹനം പാലക്കാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പി.എ) യ്ക്ക് കൈമാറുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം പാലക്കാട് എ.ഡി.സി(പി.എ) സർക്കാരിനോട് അപേക്ഷിച്ചിരിക്കുന്നു. കൂടുതൽ കാലം വാഹനം ഉപയോഗിക്കാതിരുന്നാൽ നശിച്ചു പോകാൻ സാധ്യതയുള്ളതിനാൽ മേൽപ്പറഞ്ഞ വാഹനം പാലക്കാട് എ.ഡി.സി(പി.എ)യ്ക്ക് കൈമാറുന്നതിന് ഗ്രാമവികസന കമ്മീഷണർ ശുപാർശയും ചെയ്തിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് വക KL-01K-3393-ാം നമ്പർ ജീപ്പ് പാലക്കാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ (പി.എ) ഔദ്യോഗിക ഉപയോഗത്തിനായി കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**വി.ശോഭ**

അഡീഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം
3. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
4. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
5. സെക്രട്ടറി, ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്
6. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പി.എ), പാലക്കാട്
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.